# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686 560**

**ഫോൺ: 0481 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/220/2018 2018 ഒക്ടോബർ 17

## വാർത്താക്കുറിപ്പ്

---

**എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം 22ന്**

ഒക്ടോബർ 17ന് നടത്താനിരുന്ന എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുള്ള പി.എഫ്.എം.എസ്. പരിശീലനം ഒക്ടോബർ 22ന് ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജിൽ രാവിലെ 9.30 മുതൽ നടക്കും.

**യു.ജി. സി.ബി.സി.എസ്.എസ്. പരീക്ഷ സാമഗ്രി വിതരണം**

ഒക്ടോബർ 24ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്.എസ്. പരീക്ഷാസംബന്ധമായ സാമഗ്രികൾ കോളേജുകളിൽ ഒക്ടോബർ 20, 22 തീയതികളിൽ എത്തിക്കും. അവ സ്വീകരിക്കാനും, പരീക്ഷ നടക്കുന്ന ദിവസംതന്നെ ഉത്തരക്കടലാസുകൾ സർവകലാശാലയിലേക്ക് കൈമാറുവാനായി തയ്യാറാക്കി വയ്ക്കാനും ചീഫ് സൂപ്രണ്ടുമാർ ശ്രദ്ധിക്കണം.

**പ്രാക്ടിക്കൽ**

2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഇലക്ട്രോണിക്സ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 22 മുതൽ 24 വരെ അതത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**സൂക്ഷ്മപരിശോധന: വിദ്യാർഥികൾ ഹാജരാകണം**

2018 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ 22, 23, 24 തീയതികളിൽ തിരിച്ചറിയൽ രേഖകൾ സഹിതം സിൽവർജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 226ൽ എത്തണം.

**പി.എച്ച്.ഡി. നൽകി**

ബയോകെമിസ്ട്രി (സുവോളജി) യിൽ ഷെൽമി ആന്റണിക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

**പരീക്ഷാഫലം**

2018 ജൂണിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ (മലയാളം, ഇംഗ്ലീഷ് ആന്റ് തിയേറ്റർ ആർട്സ്, ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഫൈൻ ആർട്സ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

**കൈരളി ഗവേഷക പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം**

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകുന്ന കൈരളി ഗവേഷക പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. മൂന്ന് വിഭാഗങ്ങളിലായാണ് പുരസ്കാരം. പി.എച്ച്.ഡി. പൂർത്തീകരിച്ച വിദ്യാർഥികൾക്ക് കൈരളി ഗവേഷക പുരസ്കാരവും റഗുലർ സർവീസിലുള്ള സർവകലാശാല/കോളേജ് അധ്യാപകർക്ക് കൈരളി ഗവേഷക പുരസ്കാരവും സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളിൽ ഗവേഷകരായവർക്കുള്ള കൈരളി ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരവും ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള കേരളീയ ഗവേഷകർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരവുമാണ് നൽകുക. എം.ജി. സർവകലാശാലയുടെ പരിധിയിലുള്ള ഗവേഷകർക്ക് ഒക്ടോബർ 31ന് വൈകീട്ട് അഞ്ചിനകം അപേക്ഷ നൽകാം. ജോയിന്റ് രജിസ്ട്രാർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയുടെ സോഫ്റ്റ് കോപ്പി kairaliaward2018@mgu.ac.in എന്ന ഇ-മെയിലിലും നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ